പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2083

17.06.2014 ൽ മറുപടിയ്ക്ക്

# സഹകരണ മേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ മേഖലയിൽ പുതുതായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് നിലവിലെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | (എ) 1969 ലെ കേരള സഹകരണ നിയമം/ചട്ടങ്ങൾ പ്രകാരം അപേക്ഷ സഹകരണ സംഘം രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന പ്രദേശത്തെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖേന ~~അപേക്ഷ~~ സമർപ്പിച്ച് സഹകരണ മേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാവുന്നതാണ്. |
| (ബി) സ്വകാര്യ-സ്വാശ്രയ മേഖലയിൽ നടത്തുന്ന സ്ഥാപനങ്ങളെ അപേക്ഷിച്ച് ഗുണമേന്മയും കാര്യക്ഷമതയും നിലനിർത്താൻ സഹകരണ സംഘങ്ങൾക്ക് കഴിയുമെന്നത് വിലയിരുത്തിയിട്ടുണ്ടോ; | (ബി) സാമൂഹ്യ നന്മക്കായി ലാഭേച്ഛയില്ലാതെ പരസ്പര സഹകരണത്തോടെ ഒരു പ്രദേശത്തെ ആൾക്കാരുടെ പൊതുതാൽപ്പര്യത്തിന വിധേയമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങൾ. പരിമിതമായ പങ്കാളിത്തത്തോടെയുള്ള സ്വകാര്യ സ്വാശ്രയ മേഖലയിലുള്ള സ്ഥാപനങ്ങളെ അപേക്ഷിച്ച് കൂടുതൽ കാര്യക്ഷമമായും, സുതാര്യതയോടെയും പ്രവർത്തിക്കുവാൻ സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കഴിയുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇത്തരം മേഖലയിൽ സേവന താല്പര്യം പ്രകടിപ്പിക്കുന്ന സംഘങ്ങൾക്ക് പ്രാരംഭ പ്രവർത്തനങ്ങൾക്കാവശ്യമായ സ്ഥലവും, സാങ്കേതിക സഹായവും ലളിതമായ വ്യവസ്ഥയിൽ വായ്പയും, ഗ്രാന്റും നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ധനസഹായമായി സർക്കാർ ഓഹരി മൂലധനവും, എൻ.സി.ഡി.സി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വായ്പയും ഓഹരിമൂലധന സഹായവും നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ